
little KITEs
കയ്യൊപ്പ്
ഡിജിറ്റൽ മാഗസിൻ
സെന്റ് ജോസഫ്സ് ഹൈസ്കൂൾ
ചെമ്പനോട

# 'കയ്യൊപ്പ്'

## സെന്റ് ജോസഫ്സ് ഹൈസ്കൂൾ ചെമ്പനോട

## 2018-19

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ തയ്യാറാക്കിയ 'കയ്യൊപ്പ്' മികച്ച നിലവാരം പുലർത്തുന്നതിൽ അഭിമാനിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന I.C.T. സാധ്യതകളും മറ്റ് ശാസ്ത്രസാങ്കേതിക വിദ്യകളും പരമാവധി പ്രയോജനപ്പെടുത്താൻ ഈ സംരംഭം സഹായിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. എല്ലാവിധ ആധുനിക അറിവുകളും സമ്പാദിച്ച് പുതിയുഗത്തിന്റെ വഴികാട്ടികളാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും 'കയ്യൊപ്പിനും' ഇതിന്റെ പിന്നണി പ്രവർത്തകർക്കും എല്ലാവിധ നന്മകളും ആശംസകളും നേരുന്നു.



സ്നേഹപൂർവ്വം,

**സജി ജോസഫ്**

(*ഹെഡ്മാസ്റ്റർ*)

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ

തയ്യാറാക്കിയ

ഈ അക്ഷരവിരുന്ന്

സ്വാദുള്ളതാണെന്ന്

മനസ്സിലായി.

ഇതിലെ ഒരോ സൃഷ്ടിയും

നമ്മുടെ കുട്ടികൾ ഭാവനസമ്പന്നവരാണെന്ന

സത്യപ്രസ്താവനക്കടിയിൽ

'കയ്യൊപ്പി'ടുന്നു



**സജി തോമസ്**
***കൈറ്റസ് മാസ്റ്റർ***

## *പത്രാധിപസമിതി*

ജിയോ സിബി

മാത്യു ജോസഫ്

ജിൽസ്റ്റൻ ജോബി

ട്രിഫിൻ ജോസഫ്

വൈഷ്ണവ്

അഭിനവ് കെ.പി

എൽന എലിസബത്ത് തോമസ്

വൈഷ്ണ എ എം

ആഗ്നസ് സാബു

ശ്രീധന്യ റ്റി.വി.

നന്മയുടെ പൂമരങ്ങളാണ്, കലാകാരന്മാർ.
കാലത്തിന്റെ കാഴ്ചകളെ
അക്ഷരങ്ങളിലും വർണ്ണങ്ങളിലും സ്വരങ്ങളിലും
ആവിഷ്കരിക്കുമ്പോൾ
'ഇവിടെ ഞാനുമുണ്ട്'
എന്നറിയിക്കാൻ ഉള്ള
ആഗ്രഹമാണ്
സാഫല്യമടയുന്നത്.
ലിറ്റിൽ കൈറ്റ്സിന്റെ
മേൽവിലാസത്തിൽ പകർത്തുന്ന
സർഗ്ഗചേതനയുടെ
കയ്യൊപ്പുകൾ
സവിനയംസമർപ്പിക്കുന്നു




*ചിഫ് എഡിറ്റർ*
**ഡെൽവിൻ പ്രകാശ്**

# താളുകളിലെ കൈയെഴുത്തുകൾ

1.ഏകാന്തത............................................പൂജ എം.ആർ...........................10
2.ചിത്രം................................................ലെന ബേബി...........................12
3.Quotations.........................................അനീറ്റ ജോസ്.....................13
4.പഴഞ്ചൊല്ലുകൾ.....................................എൽഡ മരിയ അബ്രാഹം..........14
5.ജീവിതവും ജീവിതമൂല്യങ്ങളും...................സ്നേഹ മോഹനൻ......................15
6.പൂമ്പാറ്റ................................................അന്ന മരിയ അഗസ്റ്റി................18
7.ഒരു കഥ..............................................ആതിര റോബിൻ.......................20
8.ചിത്രം.................................................ആഗ്നസ് സാബു..........................21
9.പുരാണ ക്വിസ്......................................വൈഷ്ണ എ.എം..........................22
10.ചിത്രം...............................................ആൽബേർട്ട്..............................23
11.ചിത്രം...............................................അബിൻ...................................24
12.കവിത...............................................ട്രിഫിൻ ജോസഫ്.......................25
13.ബാല്യം..............................................എൽന എലിസബത്ത് തോമസ്...28
14.മലയാള സിനിമ ക്വിസ്......................വൈഷ്ണ എ.എം...........................29
15.Our mother.......................................നെനിയ റിജോയ്..................31
16.മഴ....................................................ജിൽമരിയ.................................32
17.ശാസ്ത്രത്തെ പ്രണയിച്ച രാജകുമാരൻ.......ശ്രീധന്യ റ്റി.വി.....................34
18.കാരറ്റ് കേക്ക്.....................................ശ്വേത ടോമി..............................37
19.കണ്ണീരും കിനാവും...............................ഏയ്ഞ്ചൽ മരിയ.......................38
20..കടങ്കഥകൾ......................................മാത്യു ജോസഫ്..........................40
21.Synonyms.......................................ആഗ്നേയ ലക്ഷ്മി.........................41
22.ചിത്രം...............................................സാന്ദ്ര.......................................42

# ലിറ്റിൽ കൈറ്റ്സ്-ചെമ്പനോട

ചെമ്പനോട സെന്റ്ജോസഫ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ജൂൺ മാസത്തിൽ ആരംഭിച്ചു.17 ആൺകുട്ടികളും 9 പെൺകുട്ടികളുമടക്കം 26 അംഗങ്ങളാണ് ഈ ഐടി കൂട്ടായ്മയിലുള്ളത്.എല്ലാ ബുധനാഴ്ചകളിലും, ചില ഇടദിവസങ്ങളിലും ഐടി പരിശീലനം നൽകിവരുന്നു. കൈറ്റ്മാസ്റ്റർ ശ്രീ.സജി തോമസ്, കൈറ്റ്മിസ്ട്രസ് ശ്രീമതി.സോബിഎബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നിർവ്വാഹിക അംഗങ്ങൾ

| | |
|---|---|
| ചെയർമാൻ | :ശ്രീ ജോബി എടച്ചേരി *(പി. ടി. എ. പ്രസി)* |
| കൺവീനർ | :ശ്രീ സജി ജോസഫ് *(ഹെഡ്മാസ്റ്റർ)* |
| വൈസ് ചെയർമാൻമാർ | :ശ്രീമതി സീന വിനോജ് *(എം. പി. ടി. എ. പ്രസി)* |
| | :ശ്രീ റോയി കടയ്ക്കൽ *(പി. ടി. എ. വൈസ് പ്രസി)* |
| ജോയിൻകൺവീനർമാർ | :ശ്രീ സജിമോൻ തോമസ് *(കൈറ്റ്സ് മാസ്റ്റർ)* |
| | :ശ്രീമതി സോബി എബ്രഹാം *(കൈറ്റ്സ് മിസ്ട്രസ്)* |
| സാങ്കേതിക ഉപദേഷ്ടാവ് | :ശ്രീമതി മായ ആന്റണി *(എസ്. ഐ. ടി. സി.)* |
| കുട്ടികളുടെ പ്രതിനിധികൾ | :ഡെൽവിൻ പ്രകാശ് *(യൂണിറ്റ് ലീഡർ)* |
| | :എൽന എലിസബത്ത് തോമസ് *(ഡെപ്യൂട്ടി ലീഡർ)* |
| | :ലെസിൻ റോസ് തോമസ് *(സ്കൂൾ ലീഡർ)* |

# കൈറ്റ്സ് അംഗങ്ങൾ



# ഏകാന്തത

കേൾക്കുന്നുവോ നീ എൻ്റെ ശബ്ദം
അറിയുന്നുവോ നീ എൻ്റെ മൗനം
ഇടനെഞ്ചിലെവിടെയോ തേങ്ങുന്നു
എൻറെ ഏകാന്തതയുടെ ശബ്ദം



അരികിൽ വരുമ്പോൾ
എൻ്റെ ഉള്ളിൽ വിരിയുന്നു പ്രണയം
എൻ്റെ ഹൃദയത്തിൽ എവിടെയോ എരിയുന്നു
നിൻ്റെ മൗനത്തിൻ്റെ നൊമ്പരം
ഈ വഴികളിൽ ഞാൻ കാണുന്നു
നാം പൊഴിച്ച കണ്ണീർ കണങ്ങൾ
അങ്ങകലെ എവിടെയോ കേൾപ്പൂ
നമ്മുടെ നിരാശതൻ നെഞ്ചിടിപ്പുകൾ....

നാം കടന്നുപോയ വഴികൾ ഒരു എങ്ങലായി
എൻറെ ഹൃദയത്തിൽ അലയടിക്കുന്നു
മറക്കില്ല ഞാൻ നാം അനുഭവിച്ച
ഏകാന്തതയുടെ കണ്ണീർ കണ്ണീർ കിനാവുകൾ
ഇനി കാണുകില്ല നാം ഒരിക്കലും
ഏകാന്തതയിലകപ്പെട്ടു കഴിഞ്ഞു ഞാൻ
നിരാശതൻ ഏകാന്തതയിൽ.....
എവിടെയെന്നറിയാതെ പോയി നാമിരുവരും
എവിടെയെന്നറിയാതെ പോയി.....

**പൂജ എം.ആർ.**



ലെന ബേബി

# Quotations

1."In nature there is enough for everyone need, but too little everyone's greed"- MK Gandhi
2.Jai Jawan Jai Kisan-Lal Bahadur Shastri
3.If you judge people,you have no time to love them-Mother Teresa
4.You cannot shake hands with a clenched first- Indira Gandhi
5.The landi blows hurled at me will prove as nails in the coffin of British imperialism- Lala Lajpat Rai
6.One best book is equal to hundred good friends,but a good friend is equal to a library-APJ Abdul Kalam
7.Neglect of the masses is sin-Swami Vivekananda
8.Swaraj is my birthright and I will have it-Bal Gangadhar Tilak
9.Play the game in the spirit of the game-Jawaharlal Nehru
10.A loving heart is the trust wisdom-Charles Dickens
11.Love is not love which alters when it alteration finds-William Shakespeare
12.But still try ,for who knows what is possible -Michael Faraday
13.I shall hear in heaven-Luidurig Von Beethoven
14.A house divided against itself cannot stand-Abraham Lincoln
15.Child is the father of the man-William Woods Worth


Aneetta Jose

# പഴഞ്ചൊല്ലുകൾ

•ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്

•കോഴികട്ടവന്റെ തലയിൽ പപ്പ് ഇരിക്കും

•ഇല്ലായ്മ വന്നാലും വല്ലായ്മയാക്കരുത്

•തുഴയറിയാഞ്ഞാൽ തോണി ഉതളങ്ങ



•ഉടഞ്ഞ വടിയെ നമ്പരുത്

•ഗുരുക്കൾ വീണാൽ വിദ്യ

•കണ്ടുകൊണ്ട് കുണ്ടിൽ ചാടരുത്

•വല്ലഭന് പുല്ലും ആയുധം

•നൊന്തവനേ നോവറിയൂ

•കുരുടന്മാർ ആനയെ കണ്ടപോലെ

•ആറു നീന്തിയവനേ ആഴമറിയൂ

•അടുത്തറിവേ അറിവാകൂ


•അണ്ടിയോടടുത്താലറിയാം മാങ്ങയുടെ പുളി

•മുതുകാളയോട് ഉഴവ് പഠിക്കണം

•ആൾ അടുത്തറിയണം പൊന്നുരച്ചറിയണം

 എൽഡ മരിയ അബ്രാഹം

# ജീവിതവും ജീവിതമൂല്യങ്ങളും




ജീവിതം ഒരു യാത്രയാണ്.യാത്രയിൽ നാം പലരെയും കണ്ടുമുട്ടുന്നു.ഇങ്ങനെ കണ്ടുമുട്ടുന്നവർ പരസ്പരം സഹായിക്കുകയും സുഖദുഃഖങ്ങൾ പങ്കുവയ്ക്കുകയും ചെയ്യും.ഒന്നാലോചിച്ചാൽ ജീവിത യാത്രയും ഇതേപോലെ തന്നെയാണ്. ജനനം മുതൽ മരണം വരെയുള്ള ആ കാലഘട്ടത്തിൽ യത്രയിലെന്നപ്പോലെ ധാരാളമാളുകൾ പരിചയപ്പെടുന്നു .സ്നേഹത്തിലും സൗഹൃദത്തിലും മുന്നോട്ടുപോകുന്നു. പരസ്പരം സഹായിക്കുന്നു.ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഒത്തൊരുമയോടെ വർത്തിക്കുന്നു.ഒരുപാട് ആളുകളെ കണ്ടും പരിചയപ്പെട്ടും ഒരുപാട് അനുഭവങ്ങളിലൂടെ കടന്നുപോയും ചെയ്യുന്നയാത്ര.! അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ അവസഥകൾ ജീവിതയാത്രയിൽ നമ്മെ കാത്തിരിപ്പുണ്ടാകും.അതിൽ ദുഃഖവും, സന്തോഷവും,ഭയവുമെല്ലാം ഉണ്ടാവുന്നു.അങ്ങനെ ഒരു സംഘർഷമാകുന്നു നമ്മുടെ ജീവിതം.

സന്തോഷം, ദു:ഖം,സംഘർഷം അങ്ങനെയെല്ലാം നിറഞ്ഞ ജീവിതം ഏത് അവസ്ഥയിലൂടെ കടന്നു പോയാലും സ്നേഹം, കരുണ,കരുതൽ,പരസ്പരവിശ്വാസം,സത്യസന്ധത തുടങ്ങിയ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്. അനേകം ജീവിതസാഹചര്യങ്ങളും,വെല്ലുവിളികളും നമുക്കൊപ്പമുണ്ട്. അതിനെയെല്ലാം നാം തരണം ചെയ്ത് ജീവിക്കണം.ജീവിതയാത്രയിൽ നമ്മൾ കാത്തുസൂക്ഷിക്കേണ്ട പൊതിച്ചോറാണ് മൂല്യങ്ങൾ.മൂല്യങ്ങൾ കാത്തു സൂക്ഷിക്കാൻ കഴിയുമ്പോൾ ജീവിതം അർത്ഥപൂർണ്ണമാകുന്നു.നമ്മുടെ സാമൂഹിക ജീവിതത്തിന് അനിവാര്യമാണ് മൂല്യങ്ങൾ. അതിലൊന്നാണ് ബന്ധങ്ങൾ. സുഹൃത്ബന്ധങ്ങളും കുടുംബബന്ധങ്ങളും അധ്യാപകരുമായുള്ള ബന്ധങ്ങളുമെല്ലാം നാം കാത്തുസൂക്ഷിക്കണം.നല്ല കൂട്ടുകാരുമായുള്ള ബന്ധങ്ങൾ നമ്മെ നന്മയിലേക്ക് നയിക്കും.അധ്യാപകരോടും മാതാപിതാക്കളോടും മുതിർന്നവരോടും സ്നേഹത്തോടെയും ബഹുമാനത്തോടെയും ആദരവോടെയും പെരുമാറാൻ വിദ്യാർഥികളായ നമ്മൾ പഠിക്കണം. സ്നേഹത്തോടെയും കരുണയോടെയും ക്ഷമയോടെയും ജീവിക്കാൻ നാം ശീലിക്കണം.

സ്നേഹത്തിന്റെയും സമർപ്പണത്തെയും മാതൃകയാണ് അമ്മ. എന്ത് തെറ്റ് ചെയ്താലും പൊറുക്കുന്ന ഏറ്റവും വലിയ കോടതിയാണ് അമ്മയുടെ ഹൃദയം. സ്നേഹമാണ് അമ്മയുടെ ശക്തി.മറ്റുള്ളവർക്കുവേണ്ടി ജീവിക്കുമ്പോഴാണ് ജീവിതം ധന്യമാകുന്നത്.മറ്റുള്ളവരിൽ വിശ്വാസം ആവശ്യമാണ്. നമുക്ക് വിശ്വാസമുണ്ടെന്ന് തിരിച്ചറിയാൻ സഹായിക്കുന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് ദൈവം. ഏതൊരുവലിയ പ്രതിസന്ധി വന്നാലും നാം വിളിച്ച് പ്രാർത്ഥിക്കുന്നത് ദൈവത്തെയാണ്.ദൈവമാണ് സർവ്വവും എന്ന് നാം വിശ്വസിക്കുന്നു.

ഇത് നമുക്ക് മാത്രമായി തന്നിരിക്കുന്ന ഒരു ലോകമല്ല. എല്ലാവർക്കും കൂടിയുള്ളതാണ്. ഒറ്റപ്പെട്ട തുരുത്തുകളായി മാറുന്നതിനേക്കാൾ, മനസ്സിന് സന്തോഷം നൽകുന്നതും ജീവിതത്തിന് അർത്ഥം നൽകുന്നതുമായ കൂട്ടായ ജീവിതമാണ്. വർത്തമാനകാലത്തെ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും കാരണം സ്നേഹരാഹിത്യമാണ്. ജീവിതയാത്രയിൽ കരുതേണ്ട ഒരു പാഥേയമാണ് മൂല്യങ്ങൾ.അവ ഇല്ലാതായാൽ ലോകം ഇരുട്ടിലാകും.

**സ്നേഹ മോഹനൻ**



# പൂമ്പാറ്റ

*പൂമ്പാറ്റേനീ എങ്ങോട്ടാ*
*ചിരിതൂകിക്കൊണ്ടെങ്ങോട്ടാ*
*പൂന്തോട്ടത്തിൽ പോകുന്നു*
*പൂന്തേനുണ്ണാൻ പോകുന്നു*
*എന്നുടെ കൂടെ പോരുന്നോ*
*നിന്നുടെ കൂടെ പോന്നാലോ*
*എനിക്ക് നീ എന്തുതരും*
*നിനക്ക് ഞാൻ ഒരു ഉമ്മതരും*
*പൂന്തോട്ടത്തിൽ കൊണ്ടാവാം*

*പൂന്തേനുണ്ണാൻ കൊണ്ടാവാം*
*പൂമ്പാറ്റേ നീ എങ്ങോട്ടാ*
*ചിരിതൂകിക്കൊണ്ടെങ്ങോട്ടാ*

***അന്ന മരിയ അഗസ്റ്റി***

# ഒരു കഥ

ഇന്ന് വളരെ സന്തോഷം നിറഞ്ഞ ദിവസമായിരുന്നു. മനു തന്റെ ഡയറിക്കുറിപ്പ് എഴുതാൻആരംഭിച്ചു.ഡയറി എഴുതുന്ന പതിവ് മനുവിനെ വീട്ടിലെയെല്ലാവേരക്കാൾ വ്യത്യസ്തനാക്കുന്നു. ഇന്ന് വളരെ സന്തോഷമാണ്.കാരണം ഇന്ന് മനുവിന്റെ പിറന്നാളായിരുന്നു. ഇന്ന് എനിക്ക് 8 വയസ്സാകുമെന്നുള്ള മനുവിന്റെ സന്തോഷം ആർക്കും വർണിക്കാൻ കഴിവുള്ളതല്ല. അമ്മയും അച്ഛനും സ്നേഹത്തിന്റെ ഒരു നൂറ് സമ്മാനങ്ങൾ അവന്റെ നേരെ നീട്ടിയപ്പോഴും അവന്റെ മനസ്സിൽ തെളിഞ്ഞു നിന്നത് അവന്റെ മുത്തശ്ശിയുടെ മുഖമായിരുന്നു. അവന്റെ മുത്തശ്ശി ഇപ്പോഴും ഒരു വൃദ്ധസദനത്തിലാണ്. പാവം മുത്തശ്ശിയെ അവൻ ശരിക്കും 'മിസ്' ചെയ്യാറുണ്ട്.


'' ആ മോനെ മുത്തശ്ശി ഇന്നുണരും, കഥ പറഞ്ഞുതരാം. നല്ലൊരു കഥ, ഒരു അമ്മയുടെയും മകന്റെയും കഥ. ഒരിക്കൽ ഒരു അമ്മ തന്റെ മകനെ ഒരുപാട് സ്നേഹിച്ചു. ആ അമ്മ ഒരു ദിവസം മകനെ ഒരു നാടോടി പിടിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്നതായി കണ്ടു.പക്ഷേ അമ്മ സധൈര്യം ആ നാടോടിയെ അടിച്ചോടിച്ചു. എന്നിട്ട് മകനെ സ്നേഹത്തോടെ കെട്ടിപ്പുണർന്നു.ആ അമ്മയുടെ ധീരതയെ ഭർത്താവും നാട്ടുകാരും അഭിനന്ദിച്ചു. പക്ഷേ കാലങ്ങൾ കഴിഞ്ഞപ്പോൾ ആ അമ്മയെ മകന് വേണ്ടാതായി''. മുത്തശ്ശിയുടെ കഥയുടെ ഓർമയുടെ ഇതളുകൾ ഡയറിയിൽ വാരിവിതറിക്കൊണ്ട് മനു തന്റെ അച്ഛന്റെ അടുത്തേക്കോടി. എന്നിട്ട് ഇങ്ങനെ പറഞ്ഞു:'' അച്ഛാ അച്ഛനും മുത്തശ്ശി പറഞ്ഞ പോലെ കഥ എന്റ മോനും പറഞ്ഞുകൊടുക്കണം''. " അതെന്തിനാ മോനേ?" " അതെ, എന്നിട്ട് വേണം കഥയിലെ പോലെ അച്ഛനെയും അമ്മയെയും എനിക്കു കൊണ്ടുപോയി കളയാൻ." മനുവിനെ മറുപടികേട്ട് അച്ഛന് കണ്ണുകൾ നിറഞ്ഞുപോയി. അപ്പോൾ തന്റെ അമ്മയുടെ സങ്കടവും ആ അച്ഛൻ ഓർത്തെടുത്തു. പിന്നീട് തന്റെ മുത്തശ്ശിയെ മനു ധാരാളം സമയം കഥ പറയാനായി കൂട്ടുകയും ചെയ്തു.

ആതിര റോബിൻ




അഗ്നസ് സാബു

# പുരാണ ക്വിസ്



1.ബ്രഹ്മാവിന്റെ വിയർപ്പ് തുള്ളിയിൽ നിന്ന് ജനിച്ചത്?

ഉ.ജാംബവാൻ

2.ബ്രഹ്മാവിന്റെ അഹങ്കാരത്തിൽനിന്ന് ജനിച്ചതാര്?

ഉ.കാമദേവൻ

3.ഗാണ്ഡീവം എന്ന വില്ല് നിർമ്മിച്ചതാര്?

ഉ.ബ്രഹ്മാവ്

4.രാവണന്റെ ഭാര്യ?

ഉ.മണ്ഡോദരി

5.മംഗല്ലൻ ആരുടെ പുത്രനാണ്?

ഉ.ഭൂമിദേവിയുടെ

6.ദീർഘ തമസ്സ് എന്ന മുനിയുടെ അമ്മ?

ഉ.മമതാ

7.'ഭഗീരഥി',ഒരു നദിയുടെ മറ്റൊരു പേരാണ്. ഏത് നദി?

ഉ.ഗംഗ

8.വാരുണി ആരുടെ പുത്രിയാണ്?

ഉ.വരുണൻ

9.പരീക്ഷിത്തിനെ അടിച്ചുകൊന്ന സർപ്പത്തിന് പേര്?

ഉ.തക്ഷകൻ

വൈഷ്ണ എ. എം.



*ആൽബേർട്ട് ജോൺസ്*






അബിൻ

# अच्छे बच्चे



अच्छे बच्चे रहते साफ,
गंदी करते नहीं किताब।
हर दम रहते हैं मुस्काते,
कभी नहीं रोते चिल्लाते।


माता पिता को शीश झुकाते
नियम बनाकर रो.ज नहाते
हंसते हंसते पढ़ने जाते
वे अच्छे बच्चे कहलाते।

अच्छे बच्चे कसरत करते,
अपने तन में ताकत भरते।
अच्छे बच्चे खेल खेलते,
हंस कर सारे कष्ट झेलते।

टिफिन जोसफ

कक्षा: 9 सी

# അമ്മയുടെ കയ്യക്ഷരം കൊള്ളില്ല



യു.പി. സ്കൂളിൽ വിദ്യാർത്ഥിയായിരുന്ന രാജുവിന് സാഹിത്യ സമാജത്തിൽ പ്രസംഗിക്കാനുള്ള വിഷയം 'അമ്മ' എന്നായിരുന്നു. അവൻ പ്രസംഗിക്കാൻ തുടങ്ങി: മാതൃത്വത്തിൻ്റെ ഉത്തമ ഉദാഹരണമാണ് എൻ്റെ അമ്മ. വാക്കുകൾകൊണ്ട് വിവരിക്കാൻ കഴിയാത്ത വിധത്തിൽ ഞാൻ അമ്മയെ സ്നേഹിക്കുന്നു. കൈയിൽ സൂക്ഷിച്ചിരുന്ന കുറിപ്പ് നോക്കി അൽപനേരം നിന്നിട്ട് അവൻ പതുക്കെ പറഞ്ഞു: പക്ഷേ അമ്മയുടെ കൈക്ഷരം ഒട്ടും നല്ലതല്ല.



'നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പി വലിക്കുന്നു
നരവർഗ നവാതിഥി '

(അക്കിത്തം)

# മലയാള സിനിമ

# ക്വിസ്




1.മലയാള സിനിമയുടെ പിതാവ്?

ഉ.ജെ സി ഡാനിയേൽ

2.ഇന്ത്യയിലെ ആദ്യത്തെ ശബ്ദസിനിമ ഏത്?

ഉ.ബാലൻ

3.ബെസ്റ്റ് ആക്ടർ പുരസ്കാരം നേടിയ ഏറ്റവും പ്രായം കുറഞ്ഞ മലയാള നടി?

ഉ.മോനിഷ

4.നെയ്ത്തുകാരൻ എന്ന സിനിമ ആരുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്?

ഉ.ഇ.എം. എസ്. നമ്പൂതിരിപ്പാട്

5.മലയാളത്തിലെ ആദ്യത്തെ ഡിജിറ്റൽ സിനിമ ഏത്?

ഉ.മൂന്നാമതൊരാൾ

6.എം ടി വാസുദേവൻ നായർ സംവിധാനം ചെയ്ത ആദ്യചിത്രം?

ഉ.നിർമ്മാല്യം

7.മലയാളത്തിലെ ആദ്യത്തെ കളർ ചിത്രം?

ഉ.കണ്ടം ബച്ച കോട്ട്



8.മലയാള സിനിമയുടെ പിതാവായ ജെ സി ഡാനിയലിന്റെ ജീവിതവുമായി ബന്ധപ്പെട്ട ചിത്രം ഏത്?

ഉ.സെല്ലുലോയ്ഡ്

*വൈഷ്ണ എ.എം.*

# Our mother




Mother!! she is my all.
When the whole people reject you.
your mother will accept you.
when our breath to,
her death she lives for us.
My smile is her happiness
My likes is her likes
My dislikes is her dislikes
My all is her all
and she is my all.



Neniya Rejoy

# മഴ



തീരാത്ത നോവിന്റെ തേരാണു നീ
നെഞ്ചിലെ സ്വപ്നത്തിന് കുളിരാണ് നീ
വർണ്ണങ്ങൾ പൂക്കുന്ന മരമാണ് നീ
വളരുന്ന പാടത്തിൽ തെളിവാണു നീ

നീറുന്ന ബാല്യത്തിന്നോർമ്മകളിൽ
പുഞ്ചിരിയാകുന്ന കുളിരാണ് നീ
തേകി വരണ്ടോരരുവിയുടെ
ആശ്വാസ നീരാണ് നീ

വേകുന്ന ചൂടിന് തണുപ്പാണ് നീ
നീറുന്ന നെഞ്ചിന് കുളിരാണ് നീ
കുഞ്ഞുമനസ്സിന് കളിത്തോഴനാണു നീ
എന്നുമെൻ നെഞ്ചിലെ കുളിരാണ് നീ

*ജിൽ മരിയജിജോ*

# ശാസ്ത്രത്തെ പ്രണയിച്ച രാജകുമാരൻ

## *സ്റ്റീഫൻ വില്യം ഹോക്കിംഗ്*



ഹോക്കിങ്ങിന് സയൻസിനോടുള്ള താൽപ്പര്യമാണോ സയൻസിന് ഹോക്കിങ്ങ് നോടുള്ള താൽപര്യമാണോ സ്റ്റീഫൻ വില്യം ഹോക്കിങ് എന്ന അതുല്യ പ്രതിഭയെ ജീവിപ്പിച്ചത് എന്ന് പറയാൻ കഴിയില്ല.അമിയോ ട്രോഫിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന മോട്ടോർ ന്യൂറോൺ രോഗം പിടിപെട്ടിട്ടും തന്റെ ചൂണ്ടു വിരലിലൂടെ തന്റെ ആശയങ്ങൾ ലോകത്തിന് സമ്മാനിച്ച മന്ത്രികൻ.

ശാസ്ത്രലോകത്തിന് വഴിത്തിരിവുകൾ നൽകിയവയാണ് അദ്ദേഹത്തിന്റെ ആശയങ്ങൾ. ചിന്തിക്കാൻ കഴിവുള്ള തലച്ചോറും ചലിക്കാൻ കഴിയുന്ന ചൂണ്ടുവിരലും ആയിരുന്നു അദ്ദേഹത്തിന് ആയുധമായി മാറിയത്.

തന്റെ ചിന്തകളെ രോഗത്തിനു മുന്നിൽ അടിയറവ് വെക്കാൻ താൻ തയ്യാറല്ല എന്ന് പറയാതെ പറയുകയാണ് ഈ മാന്ത്രികൻ. ജനങ്ങളെ ആശങ്കപ്പെടുത്തുന്ന തരത്തിലുള്ള നിരവധി തെളിവുകൾ സൃഷ്ടിച്ച അദ്ദേഹം അതിലൂടെ ജനങ്ങൾക്ക് ശാസ്ത്രത്തോടുള്ള താല്പര്യം വർദ്ധിക്കണം എന്ന ആഗ്രഹിക്കുകയാണ്.

പ്രതിസന്ധികളെ തരണം ചെയ്ത് വിജയം കരസ്ഥമാക്കിയ വികലാംഗയായ വനിതയാണ് 'അരുണിമ സിൻഹ'.കൃത്രിമ കാലുകളിൽ ചിലങ്കയണിഞ്ഞ് വേദികളിൽ തരംഗം സൃഷ്ടിക്കുന്ന അത്ഭുതനർത്തകി 'സുധാചന്ദ്രൻ' തുടങ്ങിയവരെ പോലെതന്നെ മുന്നോട്ട് ജീവിതം കൊണ്ടുപോയ ശാസ്ത്രജ്ഞനെ മറക്കാൻ നമുക്ക് ആവുകയുമില്ല.

തമോദ്വാരങ്ങളെപ്പറ്റിയും മറ്റും ആഴത്തിൽ ചിന്തിച്ച് അദ്ദേഹം ആത്മധൈര്യം കൊണ്ട് വിജയം കീഴടക്കിയിരിക്കുന്നു.അപൂർവ്വ രോഗത്തിലും തളരാതെ ശാസ്ത്രത്തിന് സംഭാവനകൾ നൽകി കൊണ്ടിരുന്ന അദ്ദേഹം ശാസ്ത്രത്തിനപ്പുറം ഈ ലോകം തന്നെ ആദരിക്കുന്ന ഒരു വ്യക്തിയാണ്. രോഗങ്ങളല്ലായിരുന്നു ഹോക്കിങ്ങിന്റെ ആയുസ്സ് പ്രവചിച്ചത്. അഥവാ, അങ്ങനെയാണെങ്കിൽത്തന്നെ അദ്ദേഹത്തിന്റെ മനസ്സിനെ വേദനിപ്പിക്കാൻ പോലും രോഗത്തിന് കഴിഞ്ഞിട്ടില്ല എന്നു പറയാം.

മഹാവിസ്ഫോടന വൈചിത്ര്യമായിരുന്നു (The Big Bang singularity) പി എച്ച് ഡി പ്രബന്ധം.
ഗുരുത്വാകർഷണസിദ്ധാന്തവും,ക്വാണ്ടം സിദ്ധാന്തവും സംയോജിപ്പിച്ചുകൊണ്ട് ഒരു മഹാ ഏകീകരണ സിദ്ധാന്തം രൂപീകരിക്കാൻ ഹോക്കിങ് ശ്രമിച്ചിരുന്നു.സർവ്വതിനേയും സമ്പൂർണ സിദ്ധാന്തം രൂപീകരിക്കുക വഴി സ്ഥൂല സൂക്ഷ്മ വിവേചനമില്ലാതെ പ്രപഞ്ചരഹസ്യങ്ങൾ അനാവരണം ചെയ്യാൻ കഴിയുമെന്ന് ഹോക്കിങ് വിശ്വസിച്ചു. അദ്ദേഹത്തിന്റെ ഹോക്കിങ് റേഡിയേഷൻ തമോദ്വാരങ്ങളുടെ പുതിയൊരു മുഖമാണ് കാഴ്ചവെച്ചത്.

ക്വാണ്ടം ഗ്രാവിറ്റിയ്ക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നത്. പ്രപഞ്ചത്തിനെ നിയന്ത്രിക്കാൻ ഒരു ദൈവത്തെ ആവശ്യമുണ്ടെങ്കിൽ ക്വാണ്ടം ഗ്രാവിറ്റിയെ ദൈവമെന്ന് വിളിക്കാം എന്നാണ് ഹോക്കിങ് പറഞ്ഞത്. എന്നാൽ അതൊരിക്കലും നിങ്ങൾ കരുതുന്നതുപോലെ സ്നേഹവും കരുണയും പ്രതികാരവും എല്ലാമുള്ള ഒരു സ്വകാര്യ ദൈവമല്ല മറിച്ച് ഒരു കൂട്ടം ഭൗതിക പ്രമാണങ്ങളാണ് എന്നും കൂടി അദ്ദേഹം സൂചിപ്പിച്ചു.

1942 ജനുവരി എട്ടിന് ഇംഗ്ലണ്ടിൽ ജനിച്ച സ്റ്റീഫനെ ഡോക്ടറാക്കണമെന്നായിരുന്നു പിതാവിൻറെ ആഗ്രഹം. എന്നാൽ സ്റ്റീഫന്റെ ചായ്‌വ് ഗണിതശാസ്ത്രത്തിലേക്കായിരുന്നു. 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം',' യൂണിവേഴ്സ് ഇൻ എനട്ട്ഷെൽ',' ബ്ലാക്ക് ഹോൾസ് ആൻഡ് ബേബി യൂണിവേഴ്സ്' എന്നിവ അദ്ദേഹത്തിൻറെ പ്രശസ്ത ഗ്രന്ഥങ്ങളാണ്. ലിയനാർഡ് മോലഡിനോവുമായി ചേർന്നെഴുതിയ പുസ്തകങ്ങളാണ് ' എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം' ,' ദ ഗ്രാൻഡ് ഡിസൈൻ' എന്നിവ. ഹോക്കിങ്ങിന്റെ ലേഖനസമാഹാരങ്ങളാണ് ' ഗോഡ് ക്രിയേറ്റഡ് ഇന്റഗർസ്', ' ഓൺ ദ ജയന്റ്സ്' എന്നീ ഗ്രന്ഥങ്ങൾ. നമോദ്വാരങ്ങളെ പ്രണയിച്ച് ഈ രാജകുമാരൻ യാത്രയാകുന്നത് ഇക്കഴിഞ്ഞ (2018) മാർച്ച് 14 നാണ്. പ്രശസ്തനായ റിലേറ്റിവിറ്റി ശാസ്ത്രജ്ഞൻ തന്റെ ചിന്തകൾ ബാക്കിയാക്കി അങ്ങനെ യാത്രയായി. ശാസ്ത്രത്തെ സ്നേഹിച്ച ഹോക്കിങ്ങിന്റെ അതിജീവനത്തിന്റെ കഥ ഏവർക്കും എന്നും ഒരു പ്രചോദനം തന്നെയാണ്. രോഗത്തെ അതിജീവിക്കാനുള്ള മനശാസ്ത്രമാണ് ഹോക്കിങ് പറഞ്ഞുതന്നത്.

*ശ്രീധന്യ റ്റി. വി.*

# കാരറ്റ് കേക്ക്

**ചേരുവകൾ**

പഞ്ചസാര....................................... 2 കപ്പ്

വെജിറ്റബിൾ ഓയിൽ........................... ഒന്നരക്കപ്പ്

മുട്ട.........................................3

കാരറ്റ് ഗ്രേറ്റ് ചെയ്തത്......................... 2 കപ്പ്

പൈനാപ്പിൾ ചതച്ചത്......................... ഒരു കപ്പ്

വോൾനട്ട് ചതച്ചത്............................ ഒരു കപ്പ്

മൈദ.......................................... രണ്ടര കപ്പ്

ബേക്കിംഗ് സോഡാ /ബേക്കിംഗ് പൗഡർ......ഒരു ചെറിയ സ്പൂൺ വടിച്ച്

കറുവാപ്പട്ട പൊടിച്ചത്.......................... ഒരു ചെറിയസ്പൂൺ വടിച്ച്

ഉപ്പ്............................................. അര ചെറിയ സ്പൂൺ

വാനില എസൻസ്.............................. ഒരു ചെറിയ സ്പൂൺ


**പാകം ചെയ്യുന്ന വിധം**

അവൻ 160 ഡിഗ്രി സെൽഷ്യസ് ചൂടാക്കുക. രണ്ടു വലിയ ലോഫ് ടിന്നിൽ പുരട്ടി പൊടി തൂവി ബേക്കിംഗ് പൗഡറിട്ട് വയ്ക്കുക.

ഒന്നാമത്തെ ചേരുവ യോജിപ്പിച്ച് അടിച്ച് ഇതിലേക്ക് രണ്ടാമത്തെ ചേരുവ യോജിപ്പിക്കുക. മൂന്നാമത്തെ ചേരുവ യോജിപ്പിച്ച് അടിച്ചത് മുട്ട,ക്യാരറ്റ് മിശ്രിതത്തിലേക്ക് മെല്ലെ ചേർക്കുക. വാനില എസൻസും ചേർക്കണം.
ഇത് തയ്യാറാക്കി വച്ചിരിക്കുന്ന ലോഫ് ടിന്നിൽ ഒഴിച്ച് ഇട്ടിരിക്കുന്ന അവനിൽ വച്ച് ഒന്നര മണിക്കൂർ ബേക്ക് ചെയ്യുക.

*ശ്വേത ടോമി*

# കണ്ണീരും കിനാവും



*വി ടി ഭട്ടതിരിപ്പാട്*

വി.ടി.യുടെ ആത്മകഥയാണ് 'കണ്ണീരും കിനാവും' അനുഭവങ്ങളുടെ തീക്ഷ്ണതയും ആഗ്രഹങ്ങളുടെ സ്വപ്നഭാവവും ഒരുപോലെ ലയിക്കുന്ന കൃതിയുടെ ആത്മാവിഷ്കാരമാണിത്. ആത്മകഥയ്ക്കുവേണ്ട മൗലികമായ എല്ലാഗുണങ്ങളും ഈ കൃതിക്കുണ്ട്.വി.ടി.യുടെ അത്മദുരിതങ്ങൾ വായനക്കാരന്റെ ആത്മദുരിതങ്ങൾ തന്നെയാണ്.വി.ടി.യുടെ സ്വപ്നങ്ങൾ സാർവലൗകികവും.സധാരണസ്വപ്നങ്ങൾ വ്യക്തിപരമാണ്.പക്ഷേ ഈ ആത്മകഥ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ നമ്മുടെയും സ്വപ്നങ്ങളാകുന്നു.അതിന്റെ പ്രധാനകാരണം ആ സ്വപ്നങ്ങളെല്ലാം സമൂഹത്തിനുവേണ്ടിയുള്ളതാണ് എന്നുള്ളതാണ്.

ഏറെ പിന്നാക്കം പോകാണ്ടാത്ത ഒരു കാലത്ത് കേരളത്തിലെ നമ്പൂതിരി സമുദായങ്ങൾ അനുഭവിച്ചുവന്നിരുന്ന ദുരിതങ്ങൾ,ആ സമുദായത്തിൽ പിറന്ന വി.ടി. നേരിട്ടുകണ്ടു.സമുദായത്തിലെ ദുരിതങ്ങൾ എന്നുപറയുന്നത് പൊതുവിലാണെങ്കിലും ആ സമൂഹത്തിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന ദുരിതങ്ങൾക്കെതിരേയാണ് വി.ടി. സമരമുഖം തുറന്നത്.പ്രധാനമായും വിധവാവിവാഹം നിരോധിച്ചതിനെതിരേ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. ആത്മനിഷ്ഠമാണ് ആത്മകഥ.തനിക്കനുഭവപ്പെട്ടതുപോലെ ജീവിതം വിവരിച്ചുപോകുന്നു. പക്ഷേ കാലം കഴിയുമ്പോൾ താൻ ചെയ്ത പല പ്രവർത്തികളും സ്വയം വിസ്മയകരമായി തോന്നാം..യഥാർത്ഥ ആത്മകഥ അത്തരം അനുഭവങ്ങളെ അങ്ങനെ തന്നെയാണ് കാണിച്ചുതരുന്നത്. വി.ടി. തന്റെ കൃതികളിൽ ചെയ്യതും അതുതന്നെ. ഒരു ഉദാഹരണം കൊണ്ടതുവ്യക്തമാക്കാം.

വി.ടി. അക്ഷരം പഠിച്ചതുതന്നെയാണ് ഉദാഹരണം.തന്നെക്കാൾ തീരെ പ്രായം കുറഞ്ഞ ഒരു കുട്ടിയിൽ നിന്നും മലയാളാക്ഷരങ്ങൾ എഴുതിപഠിച്ചകഥ വി.ടി. രസകരമായി വിവരിക്കുന്നുണ്ട്.ഒരു ദിവസം വൈകുന്നേരം അമ്പലത്തിൽ ശാന്തിക്കായി വി.ടി. നിൽക്കുമ്പോൾ തീയ്യാടി സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടി ചോദിച്ചു."ഈ കണക്കൊന്നു പറഞ്ഞുതരാമോ"? അവൾ കാണിച്ച ബുക്കിലെ ഒരു വാക്ക് പോലും തനിക്കുവായിക്കാനറിയില്ലെന്ന സത്യം അപ്പോളാണ് വി.ടി.ക്കു ബോധ്യമായത്. പിറ്റേന്നുതന്നെ അദ്ദേഹം ആ പെൺകുട്ടിയുടെ പക്കൽനിന്നും അക്ഷരങ്ങൾ എഴുതിവാങ്ങി പഠിച്ചു. രാത്രിയുടെ നിശബ്ദതയിൽ അക്ഷരങ്ങൾ വായിലിട്ട് ചവച്ചു എന്നാണ് വി.ടി. എഴുതിയിരിക്കുന്നത്.ദിവസങ്ങൾക്കുശേഷം അമ്പലത്തിലെ തിടപ്പള്ളിയിൽ വച്ചിരുന്ന ഒരു തുണ്ട് പേപ്പറിൽ അച്ചടിച്ചിരുന്ന 'മാൻ മാർക്ക് കുട' എന്നതു വായിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായി ആഹ്ലാദം പറഞ്ഞറിയിക്കാനാവാത്തതയിരുന്നു. ഇങ്ങനെ തനിക്കനുഭവപ്പെട്ട കാര്യങ്ങൾ നിറം കൊടുക്കാതെയാണ് വി.ടി. അവതരിപ്പിച്ചിരിക്കുന്നത്.അതിഭാവുകത്വമുളളതൊന്നും അദ്ദേഹം പറയുന്നില്ല.ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ

യോഗത്തിൽ പങ്കെടുക്കാൻ പോയതിന് സ്കൂളിൽ നിന്നുപുറത്താക്കിയത്, കൗമാരത്തിലെ പ്രണയം,വിവാഹം, യോഗക്ഷേമ സഭ ആരംഭിച്ചത് തുടങ്ങി അദ്ദേഹം വിവരിച്ചിട്ടുള്ള എല്ലാകാര്യങ്ങളും തികച്ചും സത്യസന്ധമാണ്.

കേരളത്തിലെ സാമൂഹ്യനവോത്ഥാനത്തിൻ്റെ ഭാഗമായി വി.ടി. നൽകിയ പ്രേരണ അസൂയാവഹമാണ്. ആർജ്ജവമുള്ള ഒരു ഭാഷയാണ് വിടിയുടേത്.കൃത്രിമമല്ല അദ്ദേഹത്തിൻ്റെ ശൈലി.മലയാളസാഹിത്യത്തിലും ചരിത്രത്തിലും വി.ടി. നൽകിയ സംഭാവനങ്ങൾ അതുല്യമാണ്.

ഏയ്ഞ്ചൽ മരിയ

# കടങ്കഥകൾ

1.ആൽത്തറയിലെ വെള്ളം വറ്റുമ്പോൾ പൂവാലൻ പക്ഷിക്ക് മരണം

ഉ.നിലവിളക്ക്

2.എഴുത്തുണ്ട് പുസ്തകമല്ല, ചിത്രമുണ്ട് ചുമരല്ല, വട്ടത്തിലാണ് ചക്രമല്ല.

ഉ.നാണയം

3.ഇത്തിരി മുറ്റത്തു അഞ്ചു കാവൽക്കാരൻ

ഉ.കൈവിരൽ

4.എന്റെ മോനെ എന്ത് ധൃതി കാലത്ത് നട്ട് വൈകീട്ട് കൊയ്ത്തു

ഉ.സൂര്യോദയവും അസ്തമയവും

5.കൈ ഇല്ലാത്തവൻ കാൽ ഇല്ലാത്തവൻ ആറു നീന്തിക്കയറി

ഉ.വഞ്ചി

6.ഇടവഴിയിൽ ഒരു കരിവടിയോടി

ഉ.പാമ്പ്

7.ഈച്ച തൊടാത്ത ഇറച്ചിക്കഷണം

ഉ.തീക്കട്ട

8.ഇരുട്ടുകാട്ടിൽ കുരുട്ടു പന്നി

ഉ.പേൻ

9.ഒരു കുപ്പിയിൽ 2 തൈലം

ഉ.കോഴിമുട്ട

10.കാലിന്മേൽ കണ്ണുള്ളോൻ,വായിൽ പല്ലില്ലാത്തവൻ

ഉ.കത്രിക

മാത്യു ജോസഫ്

# *Synonyms*

| | | |
|---|---|---|
| •Ability | = | Power |
| •Able | = | Talented |
| •Admire | = | Respect |
| •Aim | = | Goat |
| •Balance | = | Equal |
| •Battle | = | Fight |
| •Bitter | = | Harsh |
| •Bulky | = | Big |
| •Burly | = | Strong |
| •Buzz | = | Stir |
| •Circumstance | = | Situation |
| •Clarify | = | Explain |
| •Clasp | = | Fasten |
| •Defend | = | Protect |
| •Dejected | = | Discouraged |
| •Dense | = | Thick |
| •Natty | = | Tidy |

*Agneya Lakshmi*






സാന്ദ്ര

# നന്ദി

## 'കയ്യൊപ്പി'ന്റെ പൂർത്തികരണത്തിന് കായികവും മാനസികവുമായി പിന്തുണച്ച ഏവർക്കും നന്ദി.

ചിഫ് എഡിറ്റർ
ഡെൽവിൻ പ്രകാശ്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
LK/2018/47075
സെന്റ് ജോസഫ്സ് ഹൈസ്കൂൾ
ചെമ്പനോട